(ഇ) ടി ഡബ്ലയുടെ കൺവീനർ പണി നിർവ്വഹിക്കുന്നതിന് വയ്യാതാകുന്നതിനാൽ പണികൾ ചെയ്യുന്നതിന് സാധിക്കുന്നില്ല. കൂടാതെ ഇത് സംബന്ധമായി കൺവീനർ കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസും ഉണ്ട്.

(എഫ്) ഗതാഗതയോഗ്യമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കാൻ പറക്കാട് ബ്ലോക്ക് ഓഫീസ്, പത്തനംതിട്ട ജില്ലാ ഗ്രാമവികസന ഏജൻസി ഓഫീസ് എന്നിവയ്ക്ക് നിർദ്ദേശം നൽകുന്നതാണ്.

കുറ്റിപ്പുഴയ്ക്ക് കുറുകെ പാറച്ചാലിൽ പണിത പാലം

29(409) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പാറച്ചാലിൽ പഞ്ചായത്തിൽ കുറ്റിപ്പുഴയ്ക്കു കുറുകെ കോൺക്രീറ്റിൽ ബനകിയാസുത്രണ പദ്ധതിയിൽപ്പെടുത്തി ഒരു പാലം പണിതുകൊണ്ടിരിയ്ക്കുന്നതായ ;

(ബി) എങ്കിൽ ഈ പണിക്ക് എന്തു തുക ചെലവഴിച്ചു ;

(സി) ബനപങ്കാളിത്തം മുഖേന എന്തു തുകയ്ക്കുള്ള ശ്രമദാനവും മറ്റു സഹായങ്ങളും ഈ പാലം പണിക്ക് ലഭിച്ചുവെന്ന് അറിയിക്കുമോ ;

(ഡി) ബനകിയാസുത്രണം സംബന്ധിച്ച് നടത്തിയ രാജ്യാന്തര സെമിനാറിൽ പങ്കെടുത്തവർ ബനകിയാസുത്രണ പ്രവർത്തനങ്ങൾ കണ്ടുപഠിക്കുന്നതിനായി ഈ പാലം സന്ദർശിച്ചുവോ ;

(ഇ) എങ്കിൽ ആരെല്ലാമാണ് പ്രസ്തുത പാലം സന്ദർശിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) വിദേശപ്രതിനിധികൾ ഉൾപ്പെടെയുള്ളവർ ഈ പാലത്തിൽ കയറിയപ്പോൾ പാലം തകർന്നുവീണുവോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1998-99-ൽ 15,000 രൂപയും 1999-2000-ൽ 15,000 രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) വർഷംതോറും 200-ഓളം ആളുകൾ ശ്രമദാനം നടത്തുകയും 50,000 രൂപ വിലയ്ക്കുള്ള മരങ്ങളും മറ്റു സാമഗ്രികളും ഓരോ വർഷവും സംഭാവന ചെയ്തിട്ടുണ്ട്.

(ഡി) സന്ദർശിച്ചു.

(ഇ) പാലസംഘം തുടങ്ങിയ നോർവ്വേയിലെ പ്രൊഫ. ജോൺ ഹാരീസ്, ഫ്രാൻസിലെ പ്രതിനിധിയായി ബാംഗ്ലൂരിലെ പാർവ്വതി മേനോൻ തുടങ്ങിയവർ.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പാലം തകർന്നു വീണിട്ടില്ല. ഒരു ഭാഗം ഒടിഞ്ഞു വീഴുകയാണുണ്ടായത്.

നെടുവത്തൂർ നിയോജകമണ്ഡലത്തിലെ പഞ്ചായത്ത് വാർഡ് പുനർനിർണ്ണയം

30(410) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നെടുവത്തൂർ നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളുടെ വാർഡ് പുനർനിർണ്ണയം കഴിഞ്ഞപ്പോൾ ഓരോ പഞ്ചായത്തിലും പുതിയ കൊണ്ടു വാർഡുകളുടെ പേരുകൾ പഞ്ചായത്തുകളുടെ പേരിനോടൊപ്പം വെളിപ്പെടുത്തുമോ ?

ഉത്തരം

നെടുവത്തൂർ, വെളിയം, പൂയപ്പള്ളി കരിമ്പ, എഴുകോൺ, വെളിനെല്ലൂർ, പവിത്രേശ്വരം എന്നീ ഗ്രാമപഞ്ചായത്തുകളാണ് നെടുവത്തൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്നത്. പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ വാർഡ് പുനർനിർണ്ണയം കഴിഞ്ഞപ്പോൾ രൂപംകൊണ്ട വാർഡുകളുടെ പേര് വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

പാണ്ടി ബ്ലോക്ക് സി. ആർ. ഇ. സി. എൻജിനീയർ എം. ജെ. തോമസിനെതിരെ നടപടി

31(411) ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാണ്ടി ബ്ലോക്ക് സി. ആർ. ഇ. സി. എൻജിനീയർ എം. ജെ. തോമസിനെ നീക്കം ചെയ്തുവോ ;

(ബി) എങ്കിൽ ആരുടെ പരാതി അനുസരിച്ചാണ് നീക്കം ചെയ്തത് ;

(സി) പരാതി എപ്പോൾ ലഭിച്ചുവെന്നും അത് എപ്പോൾ അന്വേഷണം നടത്തിയെന്നും വ്യക്തമാക്കാമോ ;

(ഡി) എന്നാണ് ഇയാളെ നീക്കം ചെയ്തത് ;

(ഇ) അയാൾക്കെതിരെയുള്ള പരാതികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഈ പരാതികളിൽ ഏതെല്ലാം കാര്യങ്ങളിലാണ് അയാൾ കുറ്റക്കാരനായി കണക്കാക്കിയിട്ടുള്ളത് ;

(ജി) ഇതു സംബന്ധിച്ച് വിശദീകരണം ചോദിച്ചിട്ടുണ്ടോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly